LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കാൻ നടപടി

120 (2675) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരുടെ അനുവദനീയമായ തസ്തിക എത്ര ; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര ;

(ബി) മെഡിക്കൽ കോളേജുകളിലെ രോഗി-സ്റ്റാഫ് നഴ്സ് അനുപാതം എത്രയാണ് ; ഈ അനുപാതത്തിന് അനുസൃതമായി സ്റ്റാഫ് നഴ്സുകൾ പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ രോഗികൾക്ക് ആനുപാതികമായി എത്ര നഴ്സുമാരുടെ കുറവുണ്ട് ; രോഗികൾക്ക് ആനുപാതികമായി നഴ്സുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുള്ള സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 304 സ്റ്റാഫ് നഴ്സുമാരുടെ തസ്തികകളുണ്ട്. ഇതിൽ 187 തസ്തികകളിൽ നഴ്സുമാർ ജോലി ചെയ്യുന്നു. 117 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ ജനറൽ വാർഡുകളിൽ 4:1-ഉം ഐ.സി.യു. മറ്റ് അധിക സംരക്ഷണം വേണ്ട ഏരിയ എന്നിവിടങ്ങളിൽ 1:1 എന്ന നിലയിലുമാണ് രോഗി നഴ്സ് അനുപാതം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ അനുപാതത്തിൽ സ്റ്റാഫ് നഴ്സുമാരില്ല.

(സി) പ്രസ്തുത അനുപാതം വച്ചു കണക്കാക്കിയാൽ 3266 നഴ്സുമാരുടെ കുറവാണ് നിലവിലുള്ളത്. രണ്ടു ഘട്ടങ്ങളിലായി 380 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.